പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1031 03.12.2014 ലെ മറുപടിയ്ക്ക്

**ജലവിമാന സർവ്വീസ് ആരംഭിക്കുന്നതിനുണ്ടായ ചെലവ്**

| ചോദ്യം<br>ശ്രീ. വി.ശശി | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ജലവിമാന സർവ്വീസ് ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് നാളിതുവരെ ഖജനാവിൽ നിന്നും എത്ര രൂപ ചെലവഴിച്ചു ; അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കാൻ ഇനി എത്ര രൂപാ കൂടി വേണ്ടി വരുമെന്നും വ്യക്തമാക്കാമോ ; | എ) | ജലവിമാന സർവ്വീസ് ആരംഭിക്കുന്നതിന്റെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി നാളിതുവരെ 5,68,09,202/- രൂപ ചെലവായി. പദ്ധതി കൊമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിച്ചതിനു ശേഷം പദ്ധതിയുടെ പ്രവർത്തനവും സീ പ്ലെയിൻ ഓപ്പറേറ്റർമാരുടെ അഭിപ്രായങ്ങളും വിലയിരുത്തിയതിനുശേഷം കൂടുതൽ വാട്ടർ ഡ്രോമുകൾ ആരംഭിക്കുന്നതാണ്. ഒരു വാട്ടർ ഡ്രോമിന് ഏകദേശം 2 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു. |
| ബി) | 2.6.2013 ലെ ഈ പദ്ധതിയുടെ ഉദ്ഘാടന ചെലവ് എത്രയാണ് ; ഉദ്ഘാടനം ഉൾപ്പെടെയുള്ള പരസ്യങ്ങൾക്കായി ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവഴിച്ചു ; | ബി) | ഈ പദ്ധതിയുടെ ഉദ്ഘാടനത്തിനായി 24,92,627/- രൂപ ചെലവായി. ഉദ്ഘാടനം ഉൾപ്പെടെയുള്ള പരസ്യങ്ങൾക്കായി ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 1,59,79,823/- രൂപ ചെലവഴിച്ചു. |
| സി) | ഇത്തരത്തിൽ പണം ചെലവഴിക്കുമ്പോൾ ഈ പദ്ധതിയിൽ നിന്നും എന്ത് വരുമാനം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | സി) & ഡി) | ഇന്ത്യയിൽ സീപ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുക വഴി ടൂറിസം രംഗത്ത് ഒരു നൂതന ഉത്പന്നം കൂടി വിനോദ സഞ്ചാരികൾക്ക് ലഭ്യമാക്കുക എന്നതാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി കേരളത്തിന്റെ ബ്രാന്റ് ഇമേജ് വർദ്ധിപ്പിക്കുന്നതോടൊപ്പം അയൽ സംസ്ഥാനങ്ങളെ വെല്ലുന്ന ഒരു നൂതന ഉല്പന്നം ലഭ്യമാക്കുകയും ചെയ്യും എന്നാണ് പ്രതീക്ഷിക്കുന്നത്. സീപ്ലെയിൻ പദ്ധതിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി സീപ്ലെയിൻ ഓപ്പറേഷൻസ് പ്രോത്സാഹിപ്പിക്കുകയാണ് സർക്കാരിന്റെ ദൗത്യം. പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തുടക്കത്തിൽ രണ്ടുവർഷത്തേയ്ക്ക് ഈ സൗകര്യങ്ങൾ സൗജന്യമായി കൊടുക്കുവാനാണ് തീരുമാനം. അതിനു ശേഷം മുതൽമുടക്കിന് ആനുപാതികമായ ഒരു യൂസേഴ്സ് ഫീ ഏർപ്പെടുത്തുവാൻ സാധിക്കും. ഓപ്പൺ സ്കൈ പോളിസി മുഖേന, കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന ഏത് ഏജൻസികൾക്കും ഓപ്പറേറ്റ് ചെയ്യാവുന്നതാണ്. ജലവിമാന പദ്ധതി കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാൻ സഹായിക്കുകയും ഇതുവഴി പ്രത്യക്ഷവും പരോക്ഷവുമായ വരുമാന ലഭ്യതയ്ക്കും തൊഴിലവസരങ്ങൾക്കും കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പ്രാരംഭഘട്ടത്തിൽ ഇത് കൃത്യമായി കണക്കാക്കുവാൻ സാധ്യമല്ല. എങ്കിലും വരും വർഷങ്ങളിൽ ഈ ടൂറിസം പദ്ധതിയുടെ ഗുണങ്ങൾ അവലോകനം ചെയ്യാൻ സാധിക്കുന്നതാണ്. |
| ഡി) | ഈ പദ്ധതി ആരംഭിക്കുന്നതുവഴി പുതുതായി എത്ര തൊഴിലവസരങ്ങൾ നേരിട്ടോ പരോക്ഷമായോ ലഭിക്കുമെന്ന് വ്യക്തമാക്കാമോ ; | | |

| | | | |
|---|---|---|---|
| ഇ) | ഈ വിമാന സർവ്വീസിന്റെ സുരക്ഷാ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | ഇ) | ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ.), ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (ബി.സി.എ.എസ്.) എന്നീ കേന്ദ്ര ഗവൺമെന്റ് ഏജൻസികൾ നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യോമയാന സുരക്ഷാ സംവിധാനങ്ങളും സീപ്ലെയിൻ പദ്ധതിയിലും ഏർപ്പെടുത്തിയിട്ടുണ്ട്. |
| എഫ്) | ഈ സർവ്വീസ് ആരംഭിക്കുന്നത് വഴി മത്സ്യതൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാനുള്ള സാധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | എഫ്) | ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ